## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2901** — **15/02/2013 ൽ മറുപടിക്ക്**

## സർവ്വ ശിക്ഷാ അഭിയാൻ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി.എസ്.ജയലാൽ:
ശ്രീ. കെ.അജിത്:
ശ്രീ. വി.ശശി:

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ അദ്ധ്യയന വർഷത്തേക്ക് കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു; ഇതുവരെ എത്ര തുക ചെലവഴിച്ചു; | എ) | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ അദ്ധ്യയന വർഷത്തേക്ക് (2012-13) കേന്ദ്ര സർക്കാർ 523 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ഇതുവരെ 300 കോടി രൂപ ലഭിച്ചിട്ടുണ്ട്. 31.1.2013 വരെ 262.09 കോടി രൂപ ചെലവഴിച്ചു. |
| ബി) | പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ അദ്ധ്യയന വർഷം ചെലവഴിച്ച തുക എത്ര; എട്ടാം ക്ലാസ് വരെയുള്ള പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ അദ്ധ്യയനവർഷം നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര രൂപ ചെലവഴിച്ചു; | ബി) | പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ അദ്ധ്യയനവർഷം 13161.74 ലക്ഷം രൂപ ചെലവഴിച്ചു. എട്ടാം ക്ലാസുവരെയുള്ള പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ അദ്ധ്യയന വർഷം നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | പരീക്ഷാ കാലമായതിനാൽ ഈ അദ്ധ്യയനവർഷം ഇനി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ കഴിയുമോ; ഇല്ലെങ്കിൽ തുക ലാപ്സാകാതിരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) | ഈ വർഷത്തെ പദ്ധതികൾ 31.3.2013 വരെ നടപ്പിലാക്കാൻ കഴിയുന്നതാണ്. സിവിൽ വർക്സിന് ബാക്കി വരുന്ന തുക സ്പിൽ ഓവറായി അടുത്ത വർഷവും വിനിയോഗിക്കാൻ കഴിയും. അധിക തുക ലാപ്സാക്കാതിരിക്കാൻ പരമാവധി പ്രവർത്തനങ്ങൾ ഇനിയുള്ള കാലയളവിൽ നിർവ്വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

നിയമസഭാചോദ്യം നമ്പർ 2901

## അനുബന്ധം

| ക്രമനമ്പർ | പ്രവർത്തനങ്ങൾ | ഭൗതികം | സാമ്പത്തികം |
|---|---|---|---|
| | നിർമാണപ്രവർത്തനങ്ങൾ | | |
| 1. | ബി.ആർ.സി./യു.ആർ.സി. | 4 | 20.00 |
| 2. | സി.ആർ.സി. | 128 | 960.00 |
| 3. | അധിക ക്ലാസ്മുറി (ഗ്രാമപ്രദേശം) | 37 | 212.75 |
| 4. | കക്കൂസ്/മൂത്രപ്പുര (നഗരപ്രദേശങ്ങൾക്കുമാത്രം) | 682 | 341.00 |
| 5. | പെൺകുട്ടികൾക്കുവേണ്ടിയുള്ള കക്കൂസ് | 1165 | 815.50 |
| 6. | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള കക്കൂസ് | 735 | 183.75 |
| 7. | കുടിവെള്ളസൗകര്യം (നഗരപ്രദേശങ്ങൾക്കുമാത്രം) | 32 | 6.40 |
| 8. | വൈദ്യുതീകരണം | 3609 | 360.90 |
| 9. | ശിശുസൗഹൃദഘടകങ്ങൾ | 1806 | 1806.00 |
| 10. | ഹാൻഡ്റെയിലോടുകൂടിയ റാമ്പുകൾ | 3716 | 371.60 |
| 11. | ഗവൺമെന്റ് യു.പി. സ്കൂളുകൾക്കുവേണ്ടിയുള്ള ഫർണിച്ചർ (ഓരോ കുട്ടിക്കും) | 138297 | 691.49 |
| 12. | പ്രൈമറി സ്കൂളുകൾക്കുവേണ്ടിയുള്ള മേജർ റിപ്പയറുകൾ | 569 | 3623.96 |
| 13. | അപ്പർ പ്രൈമറി സ്കൂളുകൾക്കുവേണ്ടിയുള്ള മേജർ റിപ്പയറുകൾ | 503 | 3723.24 |
| 14. | ഇടഭിത്തി | 301 | 45.15 |
| ആകെ | | 151584 | 13161.74 |

സെക്ഷൻ ഓഫീസർ